DESPATCHED On 08/06/2020

17.3.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.242*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.2157/*എസ്.ഐ.സി–ജി 6/19*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. വിനോദ് കുമാർ എസ്**
**ശാന്തശ്രീ, എസ്.വി.സ്ട്രീറ്റ്, ബിഗ് ബസാർ**
**കൊല്ലങ്കോട് പി.ഒ**
**പാലക്കാട്–678 506** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ജോയിന്റ് ആർ.ടി.ഒ**
   **റീജണൽ ട്രാൻസ്പോർട്ട് ഓഫീസ്**
   **പാലക്കാട്**
2. **അപ്പീൽ അധികാരി,**
   **ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്,**
   **റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ**
   **പാലക്കാട്**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.01.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 28.01.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 25.02.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.02.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 12.02.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31.10.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 03.12.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1ൽ കേരള സംസ്ഥാനത്തിൽ സ്വകാര്യ ബസ്സുകൾക്ക് ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ, ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകൾ നടത്താൻ സർക്കാർ അനുമതി ഉണ്ടോയെന്നും, ഇനം 2ൽ അനുമതിയില്ലെങ്കിൽ ഇത്തരം ബസ്സുകൾ സർവ്വീസുകൾ നടത്തുന്നതിന് ആർ.ടി.ഒ ഓഫീസുകളുടെ മൗനാനുമതിയോടെയാണോയെന്നും തുടങ്ങി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്. ആയതിന് മറുപടി ലഭിക്കാത്തതിനെത്തുടർന്ന് ഹർജിക്കാരൻ ഒരു ഓർമ്മക്കത്ത് 05.01.2019 ന് എതിർകക്ഷിയ്ക്ക് നൽകി.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 23.01.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം 1 ന് സ്വകാര്യബസ്സുകൾക്ക് ഓർഡിനറി അല്ലെങ്കിൽ LSOS ആയി സർവ്വീസ് നടത്തുന്നതിനുള്ള അനുമതിയാണുള്ളതെന്നും, ഇനം 2ന് ഇത് സംബന്ധിച്ച് രേഖകളില്ലെന്നും, ഇനം 3ന് നിലവിലുള്ള മോട്ടോർവാഹനനിയമം അനുസരിച്ചുള്ള വിവരമാണ് നൽകിയതെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 28.01.2019 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി 30 ദിവസത്തിനുശേഷം രണ്ടാമതും അപേക്ഷ അയച്ചതിനു ശേഷമാണ് ലഭിച്ചതെന്നും മറ്റുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 25.02.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, അപ്പീൽവാദി ആരോപിച്ചത് പോലെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നിർദ്ദിഷ്ട കാലയളവിൽ മറുപടി നൽകിയതായി കാണുന്നില്ലെന്നും, അപേക്ഷ സമർപ്പിച്ച കാലയളവിലെ എസ്.പി.ഐ.ഒ സ്ഥലം മാറി പോയതിനാൽ താൽക്കലിക ചുമതല വഹിച്ച എസ്.പി.ഐ.ഒ 23.01.2019 ന് മറുപടി നൽകിയെന്നും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് കൃത്യസമയത്ത് ഫയൽ സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തിതായി കാണുന്നുവെന്നും, ഹർജിക്കാരൻ തനിക്കുണ്ടായ ദുരനുഭവം പ്രസ്താവനരൂപത്തിലാണ് നൽകിയതെങ്കിലും ആയത് പരാതിയായി കണക്കാക്കി നിയമോചിതമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നുമെന്നുമാണ്.

6. 29.10.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് ശക്തമായ താക്കീത് നൽകിയെന്നും, ഹർജിക്കാരൻ തനിക്കുണ്ടായ ദുരനുഭവം പ്രസ്താവന രൂപത്തിൽ നൽകിയത് പരാതിയായി

കണക്കാക്കി നടപടികൾ കൈക്കൊള്ളുകയും ടി ബസ്സിന്റെ പെർമിറ്റുടമ പാലക്കാട് ആർ.ടി.ഒ മുമ്പാകെ ഹാജരായി LSOS ആയി സർവ്വീസ് നടത്തുന്നതായതിനാൽ പരാതിക്കാരൻ സൂചിപ്പിച്ചിടത്ത് ബസ്സ് സ്റ്റോപ്പില്ല എന്നറിയിക്കുകയും ചെയ്തുവെന്നാണ്. പരിശോധന നടത്തിയതിൽ ടി സർവ്വീസിന് ടി സ്ഥലത്ത് സ്റ്റോപ്പ് അനുവദിച്ചതായി കാണുന്നില്ലന്നാണ്.

7. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നില്ല. രണ്ടാമതും അപേക്ഷ നൽകിയ ശേഷമാണ് മറുപടി നൽകിയത്. ആയതു വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)